# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2017 മേയ് 3, ബുധൻ

**നമ്പർ 62**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

സ്പീക്കറുടെ അറിയിപ്പ്:

ഡോ. എം. കെ. മുനീറിനെ യു.ഡി.എഫ്. ഡെപ്യൂട്ടി ലീഡറായി തെരഞ്ഞെടുത്ത വിവരം ലഭിച്ചതായി സ്പീക്കർ സഭയെ അറിയിച്ചു

ചട്ടം 118 അനുസരിച്ചുള്ള ഗവൺമെന്റ് പ്രമേയം:

മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ചട്ടം 118 പ്രകാരം താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ചു:

"ജമ്മു-കശ്മീരിൽ നിയന്ത്രണരേഖ കടന്നെത്തിയ പാക് സൈനികർ രണ്ടു ഇന്ത്യൻ ജവാന്മാരുടെ തലയറുത്ത വാർത്ത രാജ്യം ഞെട്ടലോടെയാണ് കേട്ടത്. കരസേനയുടെ 22 സിഖ് ഇൻഫൻട്രിയിലെ നായിക് സുബേദാർ പരംജിത് സിങ്ങ്, ബി.എസ്.എഫ്. 200-ാം ബറ്റാലിയനിലെ കോൺസ്റ്റബിൾ പ്രേംസാഗർ എന്നിവരാണ് അതിനിഷ്ഠൂരമായ ഈ നടപടിക്ക് ഇരയായത്. പാക്കിസ്ഥാൻ സൈന്യത്തിന്റെ മനുഷ്യത്വരഹിതമായ ഈ നടപടിയെ ഈ സഭ ഒന്നടങ്കം ശക്തിയായി അപലപിക്കുന്നു. സൈനികരുടെ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ സഭ പങ്കുചേരുന്നു."

പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല പ്രമേയത്തെ പിൻതാങ്ങി സംസാരിച്ചു. പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

KNPP. 971/2017(i).

<u>അടിയന്തരപ്രമേയം:</u>

മാവേലിസ്റ്റോറിലെ അത്യാവശ്യ സാധനങ്ങളുടെ ദൗർലഭ്യംമൂലവും വില നിയന്ത്രണത്തിൽ സർക്കാർ ഫലപ്രദമായി ഇടപെടാത്തതുമൂലവും തുടർച്ചയായി പൊതു വിതരണം സ്തംഭിക്കുന്നതുമൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ശ്രീ. അനൂപ് ജേക്കബും മറ്റ് രണ്ടംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിയുടെ വിശദീകരണ ത്തിന്റെ വെളിച്ചത്തിൽ സ്പീക്കർ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

<u>ശ്രദ്ധ ക്ഷണിക്കൽ:</u>

(1) സുപ്രീം കോടതി വിധിയെത്തുടർന്ന് ദേശീയ സംസ്ഥാന പാതയോരങ്ങളിലുള്ള കള്ളുഷാപ്പുകൾ പൂട്ടേണ്ടിവന്നതുമൂലം തൊഴിൽനഷ്ടപ്പെട്ട ചെത്തു തൊഴിലാളികൾ ഉൾപ്പെടെയുള്ള തൊഴിലാളികളെ പുനരധിവസിപ്പിക്കേണ്ടതിന്റെ ആവശ്യകത യിലേക്ക് ശ്രീ. കെ. ദാസൻ തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) കരമന-കളിയിക്കാവിള ദേശീയപാതയെ ജില്ലാപാതയായി തരം താഴ്ത്തിക്കൊണ്ട്, പൂട്ടിയ മദ്യശാലകൾ തുറക്കുവാൻ ശ്രമം നടത്തുന്നതായി പറയപ്പെടുന്ന സാഹചര്യത്തിലേക്ക് ശ്രീ. എം. വിൻസെന്റ് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം അംഗങ്ങൾ താഴെപ്പറയുന്ന വിഷയങ്ങൾ സഭയിൽ ഉന്നയിച്ചു

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. അനൂപ് ജേക്കബ് | മൂവാറ്റുപുഴ ആറിനെ സംരക്ഷിക്കുന്നതിന് പ്രത്യേക അതോറിറ്റി രൂപീകരണം | മുഖ്യമന്ത്രി |
| 2 | ശ്രീ. ഇ. കെ. വിജയൻ | കന്നുമ്മൽ അനുബന്ധ കുടിവെള്ള പദ്ധതി കമ്മീഷനിംഗ് | ജലവിഭവ വകുപ്പുമന്ത്രി |
| 3 | ശ്രീ. ഹൈബി ഈഡൻ | തമ്മനം പുല്ലേപ്പടി റോഡ് വികസനം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | ശ്രീമതി ഇ. എസ്. ബിജിമോൾ | തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 5 | ശ്രീ. പുരുഷൻ കടലുണ്ടി | കന്നത്തറ ടെക്സ്റ്റൈൽസിന്റെ സ്വത്തുക്കൾ വ്യാവസായിക പുരോഗതിക്ക് പ്രയോജനപ്പെടുത്തുന്നത് | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 6 | ശ്രീ. കെ. ജെ. മാക്സി | ചെല്ലാനം ഫിഷിംഗ് ഹാർബറിന്റെ കമ്മീഷനിംഗ് | മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി |
| 7 | ശ്രീ. എം. ഉമ്മർ | 2017-2018 അധ്യയന വർഷത്തെ പാഠപുസ്തക വിതരണം | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 8 | ശ്രീ. കെ. വി. വിജയദാസ് | ഇരുമ്പകച്ചോലയിൽ ആനയുടെ ചവിട്ടേറ്റ് മരണപ്പെട്ടയാളുടെ കുടുംബത്തിന് ധനസഹായവും ആനുകൂല്യങ്ങളും ലഭ്യമാക്കുന്നത് | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

സ്പീക്കറുടെ റൂളിംഗ്:

യഥാസമയം മേശപ്പുറത്ത് വയ്ക്കാത്ത 8 കടലാസുകൾ 26-4-2017-ന് സഭയുടെ മേശപ്പുറത്തുവച്ചത് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതമല്ല എന്ന ശ്രീ. ഷാഫി പറമ്പിലിന്റെ ക്രമപ്രശ്നത്തിന് 'സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ട രേഖകൾ സാങ്കേതിക കാരണങ്ങളുടെ പേരിൽ കാലതാമസം വരുത്തി സഭയുടെ മേശപ്പുറത്തുവയ്ക്കുന്ന പ്രവണത ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്നതല്ലെന്ന്" ചെയർ റൂൾ ചെയ്തു.

ധനകാര്യം:

## 2017-2018 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ അനുവദിക്കണമെന്ന പ്രമേയം യഥാക്രമം വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീനും വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണിയും അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236(3) അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റുകൾ ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് സഭയുടെ മേശപ്പുറത്തുവച്ചു.

XXXVII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 4, 10, 11, 14, 15, 17, 20, 22, 29, 30 എന്നീ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു. XXXIX-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. കെ. സുരേഷ് കുറുപ്പ്

ശ്രീ. അടൂർ പ്രകാശ്

ശ്രീ. ആർ. രാമചന്ദ്രൻ

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. സി. കൃഷ്ണൻ

ശ്രീ. പി. ജെ. ജോസഫ്

ശ്രീ. സി. കെ. നാണു

ശ്രീമതി വീണാ ജോർജ്ജ്

ശ്രീ. പി. സി. ജോർജ്

ശ്രീ. എൽദോ എബ്രഹാം

ശ്രീ. അൻവർ സാദത്ത്

ശ്രീ. വി. അബ്ദുറഹിമാൻ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. എം. രാജഗോപാലൻ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീൻ, മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ,

ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്, വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണി എന്നിവർ മറുപടി നൽകി. വൈദ്യുതി വകുപ്പുമന്ത്രി മറുപടി ആരംഭിച്ചപ്പോൾ കേരളാ കോൺഗ്രസ് (എം) ഒഴികെയുള്ള പ്രതിപക്ഷാംഗങ്ങൾ ശേഷിച്ച സഭാ നടപടികൾ ബഹിഷ്കരിച്ചു. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ വോട്ടിനിട്ട് തള്ളി. തുടർന്ന് ധനാഭ്യർത്ഥനകൾ XXXVII, XXXIX എന്നിവ വോട്ടിനിട്ട് പാസ്സാക്കി.

2017 മേയ് 4-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്കുശേഷം 3.43-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

# FOURTEENTH KERALA LEGISLATIVE ASSEMBLY

## Fifth Session

# BULLETIN—PART I

(Brief Record of Proceedings)

*Wednesday, May 3, 2017*

## No. 62

The Assembly met at 8.30 a. m. with Mr. Speaker in the Chair.

*Questions:*

Three questions in the list of questions posted for the day were answered orally.

*Announcement by the Speaker:*

The Speaker informed the House that election of Dr. M. K. Muneer as the deputy leader of UDF has been intimated.

*Government Resolution under Rule 118:*

Shri Pinarayi Vijayan the Chief Minister moved the following resolution under Rule 118.

"ജമ്മു-കശ്മീരിൽ നിയന്ത്രണരേഖ കടന്നെത്തിയ പാക് സൈനികർ രണ്ട് ഇന്ത്യൻ ജവാന്മാരുടെ തലയറുത്ത വാർത്ത രാജ്യം ഞെട്ടലോടെയാണ് കേട്ടത്. കരസേനയുടെ 22 സിഖ് ഇൻഫൻട്രിയിലെ നായിക് സുബേദാർ പരംജിത് സിങ്ങ്, ബി.എസ്.എഫ്. 200-ാം ബറ്റാലിയനിലെ കോൺസ്റ്റബിൾ പ്രേംസാഗർ എന്നിവരാണ് അതിനിഷ്ഠൂരമായ ഈ നടപടിക്ക് ഇരയായത്. പാക്കിസ്ഥാൻ സൈന്യത്തിന്റെ മനുഷ്യത്വരഹിതമായ ഈ നടപടിയെ ഈ സഭ ഒന്നടങ്കം ശക്തിയായി അപലപിക്കുന്നു. സൈനികരുടെ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ സഭ പങ്കുചേരുന്നു."

Shri Ramesh Chennithala, Leader of Opposition seconded the resolution and spoke. The Resolution was passed by the House unanimously.

*Adjournment Motion:*

After hearing the Minister for Food and Civil Supplies, the Speaker withheld consent to the moving of an adjournment motion given notice of by Shri Anoop Jacob and two other Members regarding the serious situation reported to have arisen due to acute shortage of essential commodities in Maveli stores, failure to check price hike and the repeated break down of Public Distribution System in the State.

KNPP. 971/2017(ii).

In protest against the attitude of the Government in the matter the Members belonging to the opposition staged a walkout.

*Calling Attention:*

(1) Shri K. Dasan called the attention of the Minister for Labour and Excise to the necessity to rehabilitate the workers, including toddy tappers, who became jobless due to closing down of toddy shops adjacent to National and State Highways, consequent on the verdict by Supreme Court. The Minister made a statement thereto.

(2) Shri M. Vincent called the attention of the Minister for Public works and Registration to the situation that has arisen due to the reporte move to re-open closed liquor shops by downgrading Karamana-Kaliyikkavila stretch of National Highway as District Road. The Minister made a statement thereto.

*Matters raised by Members under Rule 304:*

The matters raised by Members in the House under Rule 304 are given below:

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. അനൂപ് ജേക്കബ് | മൂവാറ്റുപുഴ ആറിനെ സംരക്ഷിക്കുന്നതിന് പ്രത്യേക അതോറിറ്റി രൂപീകരണം | മുഖ്യമന്ത്രി |
| 2 | ശ്രീ. ഇ. കെ. വിജയൻ | കുന്നുമ്മൽ അനുബന്ധ കുടിവെള്ള പദ്ധതി കമ്മീഷനിംഗ് | ജലവിഭവ വകുപ്പുമന്ത്രി |
| 3 | ശ്രീ. ഹൈബി ഈഡൻ | തമ്മനം പുല്ലേപ്പടി റോഡ് വികസനം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 4 | ശ്രീമതി ഇ.എസ്. ബിജിമോൾ | തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 5 | ശ്രീ. പുരുഷൻ കടലുണ്ടി | കുന്നത്തറ ടെക്സ്റ്റൈൽസിന്റെ സ്വത്തുക്കൾ വ്യാവസായിക പുരോഗതിക്ക് പ്രയോജനപ്പെടുത്തുന്നത് | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | ശ്രീ. കെ. ജെ. മാക്സി | ചെല്ലാനം ഫിഷിംഗ് ഹാർബറിന്റെ കമ്മീഷനിംഗ് | മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി |
| 7 | ശ്രീ. എം. ഉമ്മർ | 2017-2018 അധ്യയന വർഷത്തെ പാഠപുസ്തക വിതരണം | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 8 | ശ്രീ. കെ. വി. വിജയദാസ് | ഇരുമ്പകച്ചോലയിൽ ആനയുടെ ചവിട്ടേറ്റ് മരണപ്പെട്ടയാളുടെ കുടുംബത്തിന് ധനസഹായവും ആനുകൂല്യങ്ങളും ലഭ്യമാക്കുന്നത് | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |

The Ministers made statements on the respective subjects.

*Ruling by the Speaker:*

On a point of order raised by Shri Shafi Parambil, regarding the delayed laying of 8 papers on the table without the mandatory delay statements on 26-4-2017, the Chair ruled that the tendency of delaying laying of papers on technical grounds is not acceptable.

*Financial Business:*

Discussion and voting on Demands of Grants in the Budget for the Financial year 2017-2018

Shri A. C. Moideen, Minister for Industries, Sports and Youth Affairs moved Demand No. XXXVII—Industries and Shri M. M. Mani, Minister for Electricity moved Demand No. XXXIX—Power for the amounts shown respectively against them under column 7 in the list of Demands for Grants.

DR. T. M. Thomas Isaac, Minister for Finance and Coir laid on the table the statements under Rule 236(3) relating to the Demand Numbers XXXVII and XXXIX.

Cut motion numbers 4, 10, 11, 14, 15, 17, 20, 22, 29, 30 in the list of cut motions for Demand No. XXXVII were moved. Cut motions for Demand No. XXXIX were not moved.

The following Members took part in the discussion:

Shri K. Suresh Kurup

Shri Adoor Prakash

Shri R. Ramachandran

Shri Parakkal Abdulla

Shri C. Krishnan

Shri P. J. Joseph

Shri C. K. Nanu

Smt. Veena George

Shri P. C. George

Shri Eldho Abraham

Shri Anwar Sadath

Shri V. Abdurahiman

Shri N. A. Nellikkunnu

Shri M. Rajagopalan

Shri Eldose P. Kunnappillil.

Shri A. C. Moideen, Minister for Industries, Sports and Youth Affairs, Smt. J. Mercykutty Amma, Minister for Fisheries, Harbour Engineering and Cashew Industry, DR. T. M. Thomas Isaac, Minister for Finance and Coir and Shri M. M. Mani, Minister for Electricity replied to the points raised in the

discussion. The Members belonging to the opposition except Kerala Congress (M) boycotted the rest of the business when the Minister for Electricity started replying. The cut motions moved were declared lost. Then the Demands No. XXXVII and XXXIX were put to vote and passed.

The House adjourned at 3.43 p.m. to meet again at 8.30 a.m. on Thursday May 4, 2017.

V. K. BABU PRAKASH,
*Secretary.*